## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – *310 11.11.2019- ൽ മറുപടിയ്ക്ക്

# പ്രവാസിക്ഷേമം സംബന്ധിച്ച നയം

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ. എ. എൻ. ഷംസീർ<br>,, സജി ചെറിയാൻ<br>,, പി.വി. അൻവർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വിദേശ രാജ്യങ്ങളിൽ തൊഴിലെടുത്തുകൊണ്ടിരിക്കുന്നവർ ആ നാട്ടുകളിൽ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനും മടങ്ങി വരാൻ നിർബന്ധിതരാകുന്ന പ്രവാസികളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും ഈ സർക്കാർ അനുവർത്തിച്ചു വരുന്ന നയം വ്യക്തമാക്കാമോ; | എ) | വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വിദേശ രാജ്യങ്ങളിൽ തൊഴിലെടുത്തു കൊണ്ടിരിക്കുന്നവർ ആ നാട്ടുകളിൽ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനുമായി തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന സമഗ്രമായ പ്രീഡിപ്പാർച്ചർ പരിശീലനപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. കുടിയേറ്റത്തിന് താൽപര്യമുള്ളവർക്ക് ദിശാബോധം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നോർക്കയുടെ സ്ഥാപകലക്ഷ്യങ്ങളിലൊന്നായ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം 2006 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. മുൻപ് പൊതുവായി നടത്തിവന്നിരുന്ന ഈ പദ്ധതി 2017-18 സാമ്പത്തികവർഷം മുതൽ തൊഴിൽ മേഖല തരം തിരിച്ച് (Sector specific) നടത്തിവരുന്നു. ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടുന്ന ഗാർഹിക തൊഴിൽ മേഖലയിലും നഴ്സിംഗ് മേഖലയിലും പ്രത്യേകം പരിശീലന പരിപാടികൾ നൽകി വരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ 15 പരിപാടികൾ ഗാർഹിക |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്കായും 15 പരിപാടികൾ നഴ്സിംഗ് വിദ്യാർത്ഥികൾക്കായും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിലൂടെ ഏകദേശം 2000 പേർക്ക് പരിശീലനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പുതിയസംരംഭങ്ങൾ തുടങ്ങുന്നതിനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് ഈ പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കുന്നതിനുള്ള സഹായവും സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്. |
| ബി) | ഗ്ലോബൽ കോണ്ടാക്ട് സെന്റർ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ; | ബി) | പ്രവാസി സമൂഹത്തിന് വേണ്ടി സർക്കാരും നോർക്ക റൂട്ട്സും വഴി നടത്തുന്ന സേവനങ്ങളെ കുറിച്ച് വിവരം നൽകുന്നതിനും പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ അറിയിക്കുന്നതിനും പ്രവാസികൾക്ക് ബന്ധപ്പെടാവുന്ന ഒരു കേന്ദ്രമാണ് ഗ്ലോബൽ കോൺടാക്ട് സെന്റർ. ലോകമെമ്പാടുമുള്ള മലയാളികൾക്ക് 00918802012345 എന്ന നമ്പരിലേയ്ക്കുള്ള ഒരു മിസ്സ്ഡ് കോളിലൂടെ അവർക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാനും നോർക്ക സേവനങ്ങൾ ലഭ്യമാക്കാനും അവർ അനുഭവിക്കുന്ന കഷ്ടതകളോ, ബുദ്ധിമുട്ടുകളോ, പ്രശ്നങ്ങളോ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച പരാതികൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താനും ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്. കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്തുള്ള പ്രവാസികൾക്കും ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ സേവനം 18004253939 നമ്പരിൽ നിന്നും ലഭ്യമാണ്. പ്രവാസികൾക്ക് നോർക്ക സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കൈമാറാനും അവരുടെ പ്രശ്നങ്ങളും പരാതികളും ഏത് സമയവും (24 x 7) അവതരിപ്പിക്കാവുന്നതുമായ ഒരു മാധ്യമം ആണ് ഗ്ലോബൽ കോൺടാക്ട് സെന്റർ. ഇതിലൂടെ ലഭിക്കുന്ന പരാതികളിൽ തീർപ്പാക്കാൻ കഴിയാത്തവ നോർക്ക റൂട്ട്സ് ആസ്ഥാനത്തുള്ള ഹെൽപ്പ് ഡെസ്കിന് കൈമാറും. നോർക്ക റൂട്ട്സിലൂടെ വിവിധ രാജ്യങ്ങളിലേക്കുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, റിക്രൂട്ട്മെന്റ്, പ്രവാസി തിരിച്ചറിയൽ കാർഡ്, കേരള പ്രവാസി ക്ഷേമനിധി ബോർഡിന്റെ വിവിധ പദ്ധതികൾ തുടങ്ങിയവയെക്കുറിച്ചാണ് ഗ്ലോബൽ കോൺടാക്ട് സെന്ററിൽ കൂടുതലായും അന്വേഷണങ്ങൾ വരുന്നത്. ഇതുകൂടാതെ നോർക്ക എമർജൻസി ആംബുലൻസ് സേവനത്തിനുള്ള സഹായത്തിനായും നിരവധി അന്വേഷണങ്ങൾ ലഭിക്കുന്നുണ്ട്. |
| സി) | സുരക്ഷിത നിക്ഷേപവും സുനിശ്ചിത പ്രതിമാസ വരുമാനവും ഉറപ്പാക്കാനുദ്ദേശിച്ചുകൊണ്ടുള്ള പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ വിശദാംശം നൽകുമോ? | സി) | പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതികൾ വിപുലപ്പെടുത്തുന്നതിനും നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനും ഉള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനം വരെ നിശ്ചിത മാസവരുമാനം ലഭ്യമാകുന്നു എന്നത് |

| | | | |
|---|---|---|---|
| | | | ഇതിന്റെ ഏറ്റവും വലിയ സവിശേഷതയാണ്. വ്യവസ്ഥകൾ പ്രകാരം 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽ നിന്നും സ്വീകരിക്കുകയും ആയത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിക്ക് കൈമാറുന്നതുമാണ്. നിലവിൽ നിക്ഷേപങ്ങൾക്ക് 10% നിരക്കിൽ പ്രതിമാസം ഡിവിഡന്റ് നൽകും. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപതുകയോടൊപ്പം ചേർക്കും. ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും തുടർന്ന് ജീവിതപങ്കാളിക്കും ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം നിക്ഷേപതുകയും ആദ്യ മൂന്ന വർഷത്തെ ഡിവിഡന്റും നോമിനി/ അനന്തരാവകാശിക്ക കൈമാറുന്നതോടെ പ്രതിമാസ ഡിവിഡന്റ് നൽകുന്നത് അവസാനിക്കും. 02.09.2019-ലെ എസ്.ആർ.ഒ. നമ്പർ 650/2019 പ്രകാരം പദ്ധതി അംഗീകരിച്ച് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**